ഉത്തരം

(എ) 15 നും 18 നും ഇടയ്ക്ക്.

(ബി) 15 നും 18 നും ഇടയ്ക്ക്.

(സി) ശരാശരി ഒരു ദിവസം

(ഡി) ശരാശരി 500 ലിറ്റർ

മണ്ണന്തല, എരപ്പുകുഴി ജലസംഭരണ ടാങ്കുകൾ

58 [2527] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ മണ്ണന്തല, എരപ്പുകുഴി ടാങ്കുകളുടെ സംഭരണശേഷി എത്ര ലിറ്ററാണെന്ന് അറിയിക്കാമോ;

(ബി) ഈ ടാങ്കുകളിൽ എല്ലാ ദിവസവും പൂർണ്ണ തോതിൽ ജലം സംഭരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര ഉപഭോക്താക്കൾക്ക് പുതുതായി ജലം വിതരണം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) 2005 ഫെബ്രുവരി അവസാനത്തിലെ കണക്കുപ്രകാരം എത്രപേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) രണ്ടരക്കോടിയിലേറെ രൂപ ചെലവഴിച്ച് പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ മണ്ണന്തല ടാങ്കിന്റെ സംഭരണശേഷി 4 ലക്ഷം ലിറ്ററും എരപ്പുകുഴി ടാങ്കിന്റെ സംഭരണശേഷി 2 ലക്ഷം ലിറ്ററുമാണ്.

(ബി) ഉണ്ട്.

(സി) മണ്ണന്തല ടാങ്കിൽനിന്നും ഏകദേശം 12,000 പേർക്കും എരപ്പുകുഴി ടാങ്കിൽനിന്നും ഏകദേശം 5000 പേർക്കും പ്രയോജനം കിട്ടാൻവേണ്ടിയാണ് ഇവ നിർമ്മിച്ചിട്ടുള്ളത്.

(ഡി) മണ്ണന്തല ടാങ്കിൽനിന്നും 10,000 പേർക്കും എരപ്പുകുഴിയിൽനിന്നും 200 പേർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പൈപ്പ് ലൈൻ നീട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

കേരള ഭൂജല വകുപ്പിലെ സി.എൽ.ആർ. ജീവനക്കാർ

59 [2528] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂജല വകുപ്പിലെ സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോ;

(ഡി) എങ്കിൽ തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) വർഷങ്ങളായി ജോലി ചെയ്യുന്ന ഈ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) പരിശോധിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ആശ്രിതനിയമനം

60 [2530] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2004 ജൂലൈ മാസത്തിനുശേഷം പി.എസ്.സി. ലിസ്റ്റിൽനിന്നും എത്രപേരെ എൽ.ഡി. ക്ലാർക്കായി നിയമിച്ചു എന്നും എത്ര പേർക്ക് ഈ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ നൽകി എന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്രപേർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകി; നിയമനം ലഭിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly